12993
6/12/14

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - അട്ടപ്പാടി - അന്നപ്രദായിനി പദ്ധതി - ചുമതല കുടുംബശ്രീ മിഷനെ ഏൽപ്പിക്കുന്നത് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 718/2014/സാനീവ — തീയതി, തിരുവനന്തപുരം 04.12.2014

---

പരാമർശം: (1) 19.07.2013 -ലെ സ. ഉ (സാധാ) നം. 384/2013/സാനീവ നമ്പർ ഉത്തരവ്.
(2) 12.11.2014 ലെ സാമൂഹ്യനീതി ഡയറക്ടറുടെ ICDS-A5-8938/14 നംപർ കത്ത്.

## ഉത്തരവ്

അട്ടപ്പാടി ഐ.സി.ഡി.എസ് പ്രോജക്ടിലെ 175 അങ്കണവാടി കേന്ദ്രങ്ങളിൽ അന്നപ്രദായിനി (കമ്മ്യൂണിറ്റി കിച്ചൻ) പരിപാടി നടപ്പിലാക്കി പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയ്ക്കായി സാമൂഹ്യനീതി വകുപ്പിൽ നിന്നും 2 കോടി രൂപ, കേരള സുരക്ഷാ മിഷനിൽ നിന്നും 2 കോടി രൂപ, കുടുംബശ്രീ മിഷനിൽ നിന്നും 48 ലക്ഷം രൂപ ഉൾപ്പെടെ 4.48 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഭക്ഷണ സാധനങ്ങൾ ഏറ്റെടുക്കൽ, പാചകം, വിതരണം തുടങ്ങിയവയുടെ പൂർണ്ണമായ ചുമതല കുടുംബശ്രീ മിഷനെ ഏൽപ്പിക്കുന്നതിന് അനുമതി നൽകണമെന്ന് പാരമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അട്ടപ്പാടി ഐ.സി.ഡി.എസ് മേഖലയിൽ നടപ്പാക്കി വരുന്ന ഉച്ചഭക്ഷണ പദ്ധതിയായ അന്നപ്രദായിനിയുടെ സുഗമമായ നടത്തിപ്പിനായി ഭക്ഷണ സാധനങ്ങൾ ഏറ്റെടുക്കൽ, പാചകം, വിതരണം തുടങ്ങിയവയുടെ പൂർണ്ണമായ ചുമതല കുടുംബശ്രീ മിഷനെ ഏൽപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
ലീലാമണി.കെ.എം
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.
തദ്ദേശസ്വയം ഭരണ വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**